റവന്യൂ ബോർഡിനുപകരം കമ്മീഷണറേറ്റ് രൂപീകരണം

44 (847) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ബോർഡിനുപകരം കമ്മീഷണറേറ്റ് രൂപീകരിച്ചതിൽ സർക്കാരിന് ഭരണച്ചെലവ് ഇനത്തിൽ എന്തെങ്കിലും നേട്ടമുണ്ടായോ ;

(ബി) കമ്മീഷണറേറ്റ് രൂപീകരിച്ചതിനുശേഷം ഇതുകൊണ്ട് ജനങ്ങൾക്കോ ഗവൺമെന്റിനോ എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(സി) ഇപ്പോൾ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

ഉത്തരം

(എ) ലാന്റ് റവന്യൂ കമ്മീഷണറേറ്റ് രൂപീകരിച്ചതിൽ ഭരണച്ചെലവ് ഇനത്തിൽ നേട്ടമുണ്ടായിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറേറ്റ് രൂപീകരിച്ചത് റവന്യൂ ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അധികാര വികേന്ദ്രീകരണത്തിനും വേണ്ടിയാണ്.

(ബി) 1997-ലെ 14-ാം ആക്ടുപ്രകാരം 1-7-1998 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കുകയും, റവന്യൂ ബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം ലാന്റ് റവന്യൂ കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. അപ്രകാരം ലാന്റ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും റവന്യൂബോർഡ് സ്റ്റാന്റിംഗ് ഓർഡറുകൾ, ഇവയ്ക്കുകീഴിൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ എന്നിവയെല്ലാം കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ജോലിഭാരം കുറഞ്ഞ ആഫീസുകൾ നിറുത്തലാക്കുകയും ആ ജീവനക്കാരെ ജോലിഭാരം കൂടിയതും ജീവനക്കാർ കുറവുള്ളതുമായ ഓഫീസുകളിൽ പുനർവിന്യസിച്ചത് പൊതുജനങ്ങൾക്ക് വളരെയേറെ ഉപകാര പ്രദമായിട്ടുണ്ട്.

(സി) കാര്യക്ഷമമായി നടക്കുന്നുണ്ട്.

കെട്ടിട നികുതി പിരിവിന്റെ മാനദണ്ഡങ്ങൾ

45 (848) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പുമുഖേന എത്രകോടി രൂപ കെട്ടിട നികുതിയായി പിരിക്കുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത് ;

(ബി) ഇതിന്റെ പേരിൽ കെട്ടിട നികുതി ഒടുക്കേണ്ടാത്ത കെട്ടിട ഉടമകളിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥർ നികുതി ഈടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം അന്വേഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിട നികുതി പിരിവിന്റെ മാനദണ്ഡങ്ങളിൽ പുതുതായി എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) ഇല്ലെങ്കിൽ ചെറിയ കെട്ടിട ഉടമകളെ ഉദ്യോഗസ്ഥർ കെട്ടിടനികുതി പിരിവിന്റെ പേരിൽ പീഡിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) തദ്ദേശ സ്ഥാപനങ്ങൾക്ക് നികുതി പിരിക്കുന്നതിനുള്ള അധികാരം വിട്ടുകൊടുക്കണമെന്നുള്ള ധനകാര്യ കമ്മീഷന്റെ ശുപാർശ വർഷങ്ങൾ കഴിഞ്ഞിട്ടും നടപ്പിലാക്കിയിട്ടുണ്ടോ ;

(എഫ്) വ്യാപകമായ അഴിമതി നിറഞ്ഞതാണ് ഇപ്പോഴത്തെ നികുതി ഈടാക്കൽ എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നിറുത്തിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപ്പുസാമ്പത്തികവർഷം കെട്ടിടനികുതി ഇനത്തിൽ 37 കോടി രൂപ പിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. ഒരു കെട്ടിടം വാസഗൃഹത്തിനായും, വ്യാപാരാവശ്യത്തിനായും ഉപയോഗിക്കുകയാണെങ്കിൽ സർക്കാരിന്റെ 17-7-2000 - ലെ 14799/എച്ച്/99/ നികുതി ഉത്തരവുപ്രകാരം വാസഗൃഹത്തിനുപയോഗിക്കുന്ന ഭാഗത്തിനും വ്യാപാരാവശ്യത്തിനുപയോഗിക്കുന്ന ഭാഗത്തിനും പ്രത്യേകം പ്രത്യേകം നികുതിയേ ഈടാക്കാൻ പാടുള്ളൂ എന്ന് നിശ്ചയിച്ചിട്ടുണ്ട് (നിലവിലുള്ള നിരക്കിന്റെ പകർപ്പ് പ്രത്യേകം ചേർത്തിട്ടുണ്ട്.) †

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാസഗൃഹത്തിന് 100 സ്ക്വയർ മീറ്റർ വരേയും വ്യാപാരാവശ്യത്തിനുപയോഗിക്കുന്നവയ്ക്ക് 50 സ്ക്വയർ മീറ്റർ വരെയും നികുതി ഇളവ് നിലവിലുള്ളതിനാൽ ചെറിയ കെട്ടിട ഉടമകളിൽനിന്നും നികുതി സ്വീകരിക്കുന്നില്ല.

(ഇ) ഇക്കാര്യം പരിശോധനയിലാണ്.

(എഫ്) കെട്ടിട നികുതി ഈടാക്കുന്നത് വിസ്തീർണ്ണത്തിന്റെയും കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ തരംതിരിവിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമമനുസരിച്ചാണ്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടി നിലവിലുള്ള നികുതി നിരക്ക് എല്ലാ വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലും പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ട് സർക്കാരിന് നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവരിൽനിന്ന് നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 45 (848)-ന്റെ ഉത്തരം കാണുക]

Amendment of Act 7 of 1975 .— In the Kerala Building Tax Act [1975 (7of 1975) for the Schedule, the following Schedule shall be substituted, namely :—

"THE SCHEDULE

(See section 5)

Rate of Building Tax

Plinth Area	Gramapanchayat other than special Grade Grama Panchayat (Rupees)	Special Grade Grama Panchayat Town Panchayat Municipal Council (Rupees)	Municipal corporation (Rupees)
(1)	(2)	(3)	(4)
Residential buildings: Not exceeding 100 square meters	Nil	Nil	Nil
Above 100 square metres but not exceeding 150 square metres	750	1350	2025
Above 150 square metres but not exceeding 200 square metres	1500	2700	1050
Above 200 square metres but not exceeding 250 square metres	3000	5400	8100
Exeeding 250 square metres	3000 plus Rs. 600 for every additional 10 square metres	5400 plus Rs. 1200 for every additional 10 square metres	8100 plus Rs. 1500 for every additional 10 square metre
Other Buildings: Not exceeding 50 square metres	Nil	Nil	Nil

LIBRARY ARCHIVES Kerala Legislative Assembly.

(1)	(2)	(3)	(4)
Above 50 square metres but not exceeding 75 square metres	750	1500	3000
Above 75 square metres but not exceeding 100 square metres	1125	2250	4500
Above 100 square metres but not exceeding 150 square metres	2250	4500	9000
Above 150 square metres but not exceeding 200 square metres	4500	9000	18000
Above 200 square metres but not exceeding 250 square metres	9000	18000	27000
Exeeding 250 square metres	9000 plus Rs. 900 for every additional 10 square metres	18000 plus Rs. 1800 for every additional 10 square metres	27000 plus Rs. 2250 for every additional 10 square metres.

Note:— (1) In the case of buildings referred to in the Explanation 2 to clause (c) of section 2, the rate of building tax shall be increased by 15%

(2) In the case of buildings certified by a competent authority such as, Nirmithi Kendras and the like as may be specified by Government in this behalf to be low cost residential buildings, the rate of building tax shall be reduced by 12.5%."

LIBRARY ARCHIVES Kerala Legislative Assembly